www.malankaralibrary.com





ഇ.കെ. ദിനേശൻ

# ദൈവവും നരബലിയും പിറകോട്ടോടുന്ന കേരളം

**നിരവധി പോരാട്ടങ്ങളിലൂടെ നേടിയെടുത്ത നവോത്ഥാന മൂല്യങ്ങളുടെ നെഞ്ചത്താണ് ചത്ത മുതലയും നരബലിയിലെ ചോരയും സായൂജ്യമണിയുന്നത്. ദൈവത്തിന്റെ സ്വന്തം നാട്ടിൽ (?) സാംസ്കാരിക മൂല്യച്യുതിയുടെ വിളവെടുപ്പ് കാലമാണിത്.**

ആധുനിക കേരളത്തിന്റെ നവോത്ഥാന മണ്ഡലങ്ങളെ രൂപപ്പെടുത്തുന്നതിൽ സാമൂഹിക പരിഷ്കരണങ്ങൾക്ക് ഒപ്പം രാഷ്ട്രീയ ഇടപെടലുകൾക്കും നിർണായകമായ സ്ഥാനമുണ്ട്. ഇതിനെ മുന്നോട്ട് നയിച്ച വ്യക്തിത്വങ്ങളും പ്രസ്ഥാനങ്ങളും ഓരോ കാലത്തെയും ഉടച്ചുവാർത്തവരാണ്. അവരാണ് പുരോഗമന ജനാധിപത്യ ബോധത്തിലേക്ക് കേരളീയ പൊതു സാംസ്കാരിക പ്രതലങ്ങളെ ഉയർത്തിക്കൊണ്ടുവന്നത്. ഇന്ത്യയിലെ ഇതര ദേശ മനുഷ്യരിൽ നിന്നും മലയാളിയെ വ്യത്യസ്തമാക്കിയതിന്റെ ചരിത്ര വായനയിൽ പരിഷ്കരണങ്ങൾക്ക് നേതൃത്വം നൽകിയവരിൽ മതവിശ്വാസികളെയും മതനിഷേധികളെയും കാണാം. ജാതിവാദികളെയും ജാതി നിഷേധികളെയും കാണാം. ഇത്തരം വ്യത്യസ്ത ധ്രുവങ്ങളിലൂടെയാണ് കേരളത്തിലെ സാംസ്കാരിക പരിസരം അതിന്റെ നൈതികമായ മൂല്യങ്ങളെ സമൂഹത്തിന്റെ വളർച്ചയ്ക്കായി പാകപ്പെടുത്തിയത്. അങ്ങനെ നേടിയെടുത്ത കരുത്ത് ജനജീവിതത്തിന്റെ അടിസ്ഥാനതലങ്ങളിൽ വമ്പിച്ച മാറ്റങ്ങൾക്ക് കാരണമായപ്പോൾ മനുഷ്യരുടെ ഭൗതിക ജീവിത പരിസരങ്ങൾ ശക്തിപ്പെടാൻ തുടങ്ങി. ഈ അവസ്ഥയിലേക്ക് കേരളത്തെ മാറ്റുന്നതിൽ ആദ്യ കാല ഇടതുപക്ഷ രാഷ്ട്രീയ നിലപാടുകൾ നിർണായക കാരണമായിട്ടുണ്ട്. അതിന്റെ തുടർച്ചയെന്നോണം കേരളപ്പിറവിക്ക് ശേഷം ഉണ്ടായിട്ടുള്ള ഓരോ ഭരണപരിഷ്കാരങ്ങളും സമൂഹത്തെ മൊത്തത്തിൽ ചലനാത്മകമാക്കി. അതിന്റെ തുടർച്ച കേരളത്തിന്റെ സാമ്പത്തിക മേഖലയെ മാത്രമല്ല സാമൂഹിക സാംസ്കാരിക ഇടങ്ങളെ കൂടി ആഴത്തിൽ വേരുള്ള വ്യതിരിക്തമായ സൂചകങ്ങളാക്കി തീർത്തു. അങ്ങനെ ഇന്ത്യയുടെയും ലോകത്തിന്റെയും ശ്രദ്ധയിലേക്ക് കേരളം നിവർന്നു നിന്നു. ഈയൊരു പശ്ചാത്തലത്തിൽ തന്നെയായിരിക്കണം ഇ എം എസ് നമ്പൂതിരിപ്പാട് കേരളത്തെ മലയാളികളുടെ മാതൃഭൂമി എന്ന് വിശേഷിപ്പിച്ചത്. ഇതേ പേരിൽ രചിച്ച പുസ്തകത്തിൽ കേരളത്തിന്റെ ഭൂതവർത്തമാനകാല പരിസരങ്ങളെ രാഷ്ട്രീയ കാഴ്ചപ്പാടിൽ വിശകലനം ചെയ്തിട്ടുണ്ട്.

"ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിൽ എന്ന പോലെ കേരളത്തിലും രാഷ്ട്രീയ ബഹുജന പ്രസ്ഥാനം വളർന്നുവരുന്നതിന് എത്രയോ മുമ്പ് സാമുദായിക പരിഷ്കരണ പ്രസ്ഥാനം ഉയർന്നുവന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഉദ്ഭവത്തിന് ഒരു തലമുറ മുമ്പ് രാജാറാം മോഹൻറോയിയുടെയും മറ്റും നേതൃത്വത്തിൽ സാമൂഹ്യമായ അനാചാരങ്ങൾക്കെതിരായ ബ്രഹ്മസമാജം മുതലായ പ്രസ്ഥാനങ്ങൾ ബംഗാളിലും മറ്റും ഉണ്ടായതുപോലെ കേരളത്തിലും ഹോംറൂൾസ് സഹകരണ ത്യാഗപ്രസ്ഥാനങ്ങൾ പടർന്നുപിടിക്കുന്നതിന്റെ ഒന്നും രണ്ടും വ്യാഴവട്ടം മുമ്പ് തന്നെ കൃഷ്ണപിള്ളയുടെയും മറ്റും നേതൃത്വത്തിൽ നായരുടെയും നാരായണഗുരുസ്വാമിയുടെയും ഡോക്ടർ പൽപ്പുവിന്റെയും നേതൃത്വത്തിൽ ഈഴവരുടെയും ദാമോദരൻ നമ്പൂതിരിപ്പാടിന്റെയും മറ്റും നേതൃത്വത്തിൽ നമ്പൂതിരിമാരുടെയും ഇടയിൽ സാമുദായിക പരിഷ്കരണ പ്രസ്ഥാനം വളർന്നു വരികയുണ്ടായി. " (കേരളം മലയാളിയുടെ മാതൃഭൂമി)

എന്നാൽ ഇതിനും മുമ്പ് കേരളത്തിലെ ജാതിവ്യവസ്ഥയെ ചോദ്യം ചെയ്തുകൊണ്ട് അയ്യങ്കാളി നടത്തിയ ഇടപെടലിൽ അടിസ്ഥാന ജനസമൂഹത്തിൽ വലിയ ചലനങ്ങൾ സൃഷ്ടിച്ചു. സത്യത്തിൽ ഇന്നും കേരളത്തിലെ സാംസ്കാരിക ഔന്നത്യങ്ങളിൽ ഒരിടത്തും കാണാത്ത മനുഷ്യരെ നിരന്തരം പിന്നോട്ട് വലിച്ചത് ജാതിയാണ്. അതിന്റെ തുടർച്ച സാമൂഹിക - സാംസ്കാരിക പുരോഗതിക്ക് തടസ്സമായി. ഇന്ന് കേരളത്തിന്റെ സാമൂഹിക പരിസരങ്ങളെ വിശകലനം ചെയ്യുമ്പോൾ നാം എത്തിനിൽക്കുന്ന അപകടകരമായ പ്രതിസന്ധിഘട്ടം മതാഭിമുഖ്യ മനുഷ്യർ പല രീതിയിൽ പ്രകടിപ്പിക്കുന്ന ആത്മീയ പ്രച്ഛന്നതയാണ്. അതിന്റെ ഏറ്റവും നൂതനമായ ആവിഷ്കാരമാണ് ഏതാനും ദിവസങ്ങൾക്ക് മുമ്പ് കേരളത്തിൽ ഉണ്ടായ രണ്ട് സംഭവങ്ങൾ.

കാസർകോട്ടെ മുതല ദൈവവും, പത്തനംതിട്ട ഇലന്തൂരിലെ നരബലിയും. 2022 അവസാനത്തോടടുക്കുന്ന ഈ കേരളപ്പിറവി ദിനത്തിൽ വിശകലനം ചെയ്യാൻ പോകുന്നത് കേരളത്തിന്റെ പുരോഗതിയെക്കുറിച്ചല്ല അധോഗതിയെക്കുറിച്ചാണ്.


## മതം - വിശ്വാസം - ആചാരം

വില്യം ലോഗന്റെ മലബാർ മാന്വൽ കേരളത്തിലെ ആചാരങ്ങളെക്കുറിച്ച് പറയുന്നുണ്ട്. "അന്തരിച്ച മി - വാൽ ഹൗസ് 1876 ലെ ഇന്ത്യൻ ആന്റി ക്വാറിയിൽ ഇങ്ങനെ എഴുതുകയുണ്ടായി. മാന്ത്രിക വിദ്യയും ആഭിചാരവും തഴച്ച് വളർന്ന ഒരു നാടാണ് മലബാർ എന്നത് കണക്കിലെടുക്കുക. ഏറ്റവും കരുത്തുള്ള ഭൂതപ്രേത പിശാചുക്കൾ നിവസിക്കുന്നത് ഇവിടെയാണ്. ശ്മശാന പറമ്പിൽ നിന്ന് മനുഷ്യന്റെ അസ്ഥി പെറുക്കിയെടുത്ത് ഭംഫ്രം ഫ്രം വാരമൂർത്തി! അവനെ പിടികൂടിയാലും നശിപ്പിച്ചാലും അവന്റെ ചോര വീണ്ടും

വീണ്ടും കുടിച്ചാലും അവന്റെ മാംസം വീണ്ടും വീണ്ടും ഭക്ഷിച്ചാലും! ഓ ആസന്നമരണം മൂർത്തിയെ ! മലബാർ മലയാള ഭഗവതിയെ! ഗ്ലൗം! ഓം ! എന്ന് ആയിരം തവണ ജപിച്ച ഊതി ശത്രുവിന്റെ വീട്ടിലേക്ക് എറിഞ്ഞാൽ അയാളുടെ നാശം നിശ്ചയം." (മലബാർ മാന്വൽ, പേജ് - 134- മാതൃഭൂമി)


കേരളത്തിന്റെ മനസാക്ഷിയെ ഞെട്ടിച്ച രണ്ട് സംഭവങ്ങളുടെയും വേരുകൾക്ക് ഇത്രമാത്രം പഴക്കമുണ്ട്. രണ്ട് നൂറ്റാണ്ട് കഴിഞ്ഞിട്ടും കേരളത്തിന് ഇത്തരം ആചാരങ്ങളിൽ നിന്ന് മുക്തി നേടാൻ കഴിഞ്ഞിട്ടില്ല. ഇതിന്റെയൊക്കെ പ്രഭവകേന്ദ്രം വിശ്വാസമാണ്. വിശ്വാസത്തിന്റെ ബീജം മതത്തിൽ നിന്നാണ് പരുവപ്പെട്ടത്. പിന്നീട് അത് പല തലങ്ങളിലൂടെ വളരുന്നു. വ്യക്തിയിൽ അത് ആത്മീയാനന്ദമാകുമ്പോൾ സമൂഹത്തിൽ അധികാരത്തിന്റെയും മേൽക്കോയ്മയുടെയും ഘടനയെ നിയന്ത്രിക്കുന്ന ശക്തിയായി മാറുന്നു. മനുഷ്യനെ തന്നെ മതം പല തട്ടിലാക്കി മാറ്റുന്നു. അപ്പോഴും ദൈവം ഒന്നാണ് എന്ന മഹദ്വചനം സൂര്യനെപ്പോലെ ജ്വലിച്ച് നിൽക്കും. ആ വെളിച്ചത്തിൽ നിന്നാണ് മുതല ദൈവമായും മനുഷ്യനെ പച്ചയിൽ മുറിച്ച് തുണ്ടു തുണ്ടാക്കി മാറ്റിയ ആത്മീയതയുടെയും ആ പരമമായ ദൈവലോകത്ത് വിശ്വാസികൾ ആനന്ദനൃത്തം വയ്ക്കുന്നത്. ഇവിടെ പ്രതി മതമല്ല മറിച്ച്, മതത്തെ അറിയാത്ത മനുഷ്യരാണ് എന്ന വാദം എക്കാലത്തും നിലനിന്നിട്ടുണ്ട്. ഈ വാദം ഉന്നയിക്കുന്നവരെ സൂക്ഷ്മമായി പരിശോധിച്ചാൽ ഇവരാണ് മത പണ്ഡിത വർഗ്ഗം. ഇവർ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരാണ്. എന്നിട്ടും എന്തുകൊണ്ട് മതവിശ്വാസികളിൽ അത് ശക്തി പ്രാപിക്കുന്നു.?

മുതലയെ ആത്മീയതയുടെ അടയാളമായി ആവിഷ്കരിച്ച് അതിൽ ആത്മസായൂജ്യം കണ്ടെത്തുകയും ദൈവസങ്കൽപത്തിന്റെ അനന്തമായ ആത്മാവിഷ്കാരമായി അത് മാറുമ്പോഴും അത്തരം ഇടങ്ങളിൽ ഏതുതരത്തിലുള്ള മനുഷ്യരാണ് നിറഞ്ഞു നിൽക്കുന്നത്.? വലിയ അളവിൽ മദ്ധ്യവർഗ്ഗങ്ങളാണ്. തുറന്നു പറഞ്ഞാൽ ചിന്താശേഷിയുള്ള മനുഷ്യർ. ചത്ത മുതലക്ക് മുമ്പിൽ കണ്ണീരൊഴുക്കുന്ന മനുഷ്യരുടെ ചിത്രങ്ങൾ നാം കണ്ടതാണ്. ഒരു ജീവിയോടുള്ള മനുഷ്യത്വത്തിന്റെ ഭാഗമായി അങ്ങനെ സംഭവിക്കാം. അതേ സമയം അട്ടപ്പാടിയിൽ പട്ടിണി കിടന്ന് മനുഷ്യക്കുഞ്ഞുങ്ങൾ മരിച്ചപ്പോൾ ഇത്തരം മനുഷ്യർക്ക് അതൊരു നോവ് പോയിട്ട് വാർത്ത പോലും ആയിരുന്നില്ല. ഇവിടെ മുതല ദൈവ ദർശനരൂപമാണ്. സ്ഥലം എം



*ശ്രീനാരായണ ഗുരു*


*ഡോ. പൽപ്പു*


*ചട്ടമ്പി സ്വാമികൾ*


*അയ്യങ്കാളി*


*അമൃതാനന്ദമയി*


*കെ.പി. യോഹന്നാൻ*

പി രാജ്മോഹൻ ഉണ്ണിത്താന് ഇങ്ങനെ ദർശനം കിട്ടിയിട്ടുണ്ട്. ഇതിനെ ആത്മീയ ദർശനമായി മാത്രം കാണരുത്. അധികാര ദർശനം കൂടിയായി കാണണം.

അറിവും തിരിച്ചറിവും രണ്ട് ചിന്താധാരകളെയാണ് പ്രതിനിധാനം ചെയ്യുന്നത്. അറിവിൽ നിന്ന് തിരിച്ചറിവ് ഉണ്ടാവുമ്പോഴാണ് വിശ്വാസത്തിൽ നിന്നും അന്ധവിശ്വാസത്തെ വേർതിരിച്ചെടുക്കാൻ കഴിയുന്നത്. എന്നാൽ ഇത് അനായാസം സാധ്യമല്ല. കാരണം, വിശ്വാസം തന്നെ അടിസ്ഥാനപരമായി യുക്തിരഹിതമാണ്. അന്ധവിശ്വാസത്തിന് അടിമപ്പെട്ട മനുഷ്യർക്ക് അതിൽ നിന്ന് മോചനം എളുപ്പത്തിൽ സാധ്യമല്ല. അവിടെ തിരിച്ചറിവ് അപ്രസക്തമാകുന്നു. അതുകൊണ്ടാണ് വിദ്യാസമ്പന്നരായ മനുഷ്യരും ശാസ്ത്ര ബോധം കൊണ്ട് സമൂഹത്തിന്റെ വ്യത്യസ്ത തലങ്ങളിൽ പ്രവർത്തിക്കുന്നവരും ആൾദൈവങ്ങളുടെ മുമ്പിൽ മുട്ടുകുത്തി പ്രാർത്ഥിക്കുന്നത്. എന്തിനധികം ഐ എസ് ആർ ഒയിലെ ശാസ്ത്രജ്ഞന്മാർ പോലും റോക്കറ്റ് വിക്ഷേപത്തിനു മുമ്പ് തേങ്ങ ഉടക്കുന്നത് നാം കണ്ടതാണ്. ഇത്രമാത്രം ശക്തമാണ് വിശ്വാസാഭിമുഖ്യ ജീവിതം. ഇതിന്റെ തുടർച്ചയാണ് മുതല ദൈവവും നരബലിയും.

യുക്തിചിന്തയുടെ സാംസ്കാരിക തലങ്ങളെ ജ്ഞാനം കൊണ്ട് വീണ്ടെടുക്കാൻ കഴിയില്ല. കാരണം, ജ്ഞാനികളിൽ തന്നെയാണ് അന്ധവിശ്വാസത്തിന്റെ വേരുകൾ ഇറങ്ങി നിൽക്കുന്നത്. അതാകട്ടെ വിശ്വാസിയുടെ വ്യക്തിത്വത്തെയും കാഴ്ചപ്പാടിനെയും സ്വാംശീകരിച്ചെടുക്കുന്ന മതബോധത്തിന്റെ വിജയമാണ്. അതിനെ സാമാന്യ ബോധമായി മാറ്റുക എന്നുള്ളതാണ് മത അധികാര വർഗ്ഗം എപ്പോഴും നിർവഹിച്ചിട്ടുള്ളത്. അതിനെ ദൈവനിഷേധികൾക്ക് സൈദ്ധാന്തികമായി പ്രതിരോധിച്ച് മുന്നേറുക എളുപ്പമല്ല. കാരണം, നമ്മുടെ നിത്യജീവിത ഇടങ്ങളിൽ വിശ്വാസത്തിന്റെ കരുത്തുറ്റ മതിലുകൾ എന്നോ ഉയർന്നു കഴിഞ്ഞതാണ്. ജനനം മുതൽ മരണം വരെ ഒരു മനുഷ്യനെ നിയന്ത്രിക്കുന്നത് ആചാരമാണ്, വിശ്വാസമാണ്. പിറന്നുവീണാൽ കുഞ്ഞിന്റെ ചെവിയിൽ ദൈവവചനം ചൊല്ലുന്നത് മുതൽ മരിച്ചുകഴിഞ്ഞ് മണ്ണിലേക്ക് വെക്കുന്നതും ദൈവത്തെ മുൻനിർത്തിയാണ്. ഈ അവസ്ഥയിൽ നിന്ന് വിശ്വാസി അല്ലാത്ത ആൾക്ക് പോലും മാറിനിൽക്കാൻ കഴിയുന്നില്ല. അയാളുടെ ജനനവും മരണവും നിയന്ത്രിക്കുന്നത് അയാ ളല്ല. എന്നതുകൊണ്ടുതന്നെ ഇത്രമാത്രം ശക്തമാണ് വിശ്വാസം എന്നിരിക്കെ അതിൽ അന്ധവിശ്വാസത്തിന്റെയും ആചാരങ്ങളുടെയും പ്രവേശന കവാടങ്ങൾ സദാ തുറന്നു കിടപ്പാണ്. അതിലൂടെ എളുപ്പത്തിൽ അകത്തു കയറി വ്യക്തിക്ക് തന്റെ ഇഷ്ടങ്ങളെ

**അറിവും തിരിച്ചറിവും രണ്ട് ചിന്താധാരകളെയാണ് പ്രതിനിധാനം ചെയ്യുന്നത്. അറിവിൽ നിന്ന് തിരിച്ചറിവ് ഉണ്ടാവുമ്പോഴാണ് വിശ്വാസത്തിൽ നിന്നും അന്ധവിശ്വാസത്തെ വേർതിരിച്ചെടുക്കാൻ കഴിയുന്നത്. എന്നാൽ ഇത് അനായാസം സാധ്യമല്ല. കാരണം, വിശ്വാസം തന്നെ അടിസ്ഥാനപരമായി യുക്തിരഹിതമാണ്. അന്ധവിശ്വാസത്തിന് അടിമപ്പെട്ട മനുഷ്യർക്ക് അതിൽ നിന്ന് മോചനം എളുപ്പത്തിൽ സാധ്യമല്ല.**

www.malankaralibrary.com

അവതരിപ്പിക്കാൻ കഴിയും.

ഇരട്ട നരബലിക്ക് നേതൃത്വം നൽകിയ ഷാഫിക്ക് പത്മ, റോസ്‌ലിൻ എന്നീ രണ്ട് സ്ത്രീകളെ കൊല്ലാൻ കഴിഞ്ഞത് അങ്ങനെയാണ്. അയാളിൽ അടിമുടി പ്രവർത്തിച്ചത് വിശ്വാസമാണോ എന്നൊരു ചോദ്യത്തിന് സാദ്ധ്യതയുണ്ട്. ആ ചോദ്യത്തെ നിലനിർത്തി അയാൾ ഇരയെ വീഴ്ത്തിയത് വിശ്വാസത്തിന്റെ, ആചാരത്തിന്റെ ചൂണ്ടയിലാണ് എന്നോർക്കണം. എത്ര പെട്ടെന്നാണ് കവിത എഴുതുന്ന, ഇടതുപക്ഷത്തെ പ്രതിനിധീകരിക്കുന്ന ഭഗവൽ സിങ്ങും ലൈലയും ആ ചൂണ്ടയിൽ കൊത്തിയത്. ആ ആകർഷണ ബല തന്ത്രം രൂപപ്പെട്ടത് ശൂന്യതയിൽ നിന്നല്ല. മത വിചാരത്തിൽ നിന്നാണ്. കുട്ടിച്ചാത്തനും, കാളിയും ജിന്നും പിറന്നത് മതത്തിന്റെ ഗർഭപാത്രത്തിൽ നിന്നാണ്. അവിടെ ആത്മീയതക്ക് സ്ഥാനമില്ല. അതാകട്ടെ മനസ്സിന്റെ ആനന്ദത്തെയും നവീകരണത്തെയുമാണ് അഡ്രസ്സ് ചെയ്യുന്നത് എന്നാണ് വെപ്പ്. ഈ ആനന്ദത്തെ എങ്ങനെ മതത്തിൽ നിന്ന് കൊണ്ട് ഉണ്ടാക്കാൻ കഴിയും എന്ന അന്വേഷണത്തിൽ നിന്നാണ് ശ്രീനാരായണഗുരുവും ചട്ടമ്പിസ്വാമികളും ഉണ്ടായത്. അത്തരം മനുഷ്യർക്ക് ഇത്തരം വിശ്വാസം ഉണ്ടായിരുന്നില്ല. അവർ സമൂഹത്തെ അന്ധവിശ്വാസത്തിൽ നിന്ന് മോചിപ്പിക്കാൻ നടത്തിയ പ്രവർത്തനങ്ങളാണ് കേരളത്തിന്റെ നവോത്ഥാനത്തെ ശക്തിപ്പെടുത്തിയത്. ഇത്തരം പ്രവർത്തനങ്ങൾ നടന്നിട്ട് പതിറ്റാണ്ടുകൾ കഴിഞ്ഞു. അവർ നിരന്തരം നടന്ന് സംസ്കാരത്തിന്റെ വിത്തിട്ടിടത്താണ് ബലി അർപ്പിക്കപ്പെട്ട മനുഷ്യ രക്തം വിതറി ജ്ഞാന ശിബിരങ്ങളെ വേരോടെ കരിച്ചു കളഞ്ഞത്. ആ നരബലിക്ക് ധൈര്യം നൽകുന്നതിന്റെ പേരാണ് വിശ്വാസം. അതിനെ അന്ധവിശ്വാസം എന്ന് വിശേഷിപ്പിക്കുന്നത് തികച്ചും തെറ്റാണ്. അയാളുടെ വിശ്വാസം മറ്റുള്ളവർക്ക് അന്ധവിശ്വാസമാണെന്ന് പരാതിപ്പെടാം. അല്ലാതെ പൊതുവേ അതിനെ അന്ധവിശ്വാസം എന്നു പറയാൻ കഴിയില്ല.



*കമ്പള അനന്തപുരം പത്മനാഭസ്വാമിക്ഷേത്രം*



*മുതലയ്ക്ക് അന്തിമോപചാരം അർപ്പിക്കുന്ന രാജ്മോഹൻ ഉണ്ണിത്താൻ*

ഇവിടെ പരിശോധിക്കേണ്ടത് വ്യക്തിയും വിശ്വാസവും തമ്മിലുള്ള അടുപ്പത്തെയാണ്. അവിടെ യുക്തിക്ക് ഒരു സ്ഥാനവുമില്ല. മതത്തിൽ ജീവിക്കുന്ന (വിശ്വാസം, ആചാരം) വ്യക്തിയുടെ ദൈനംദിന വ്യവഹാരത്തിൽ മതചിഹ്നം വെറും സ്വാഭാവികതയാണ്. അയാളുടെ ജീവിതത്തിന്റെ ഭാഗമാണത്. അങ്ങനെ വരുമ്പോൾ ജീവിത പുരോഗതിക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങളെ ഒരുക്കിയെടുക്കാൻ വിശ്വാസത്തെ കൂട്ടുപിടിക്കുന്നു. നന്മ വരാൻ, ശത്രുസംഹാരത്തിന്, ജീവിതാഭിവൃദ്ധിക്ക് പൂജ കഴിക്കുന്നത് അതുകൊണ്ടാണ്. ചിലർക്ക് ഈ വഴിക്ക് ഫലസിദ്ധി കിട്ടില്ല. അവർ പൂജാരിയെ, മന്ത്രവാദിയെ, മുസ്ലിയാരെ, പാസ്റ്ററെ, ആൾദൈവങ്ങളെ നേരിൽ കാണും. അത്തരം മനുഷ്യദൈവങ്ങളുടെ സാന്നിധ്യം വിശ്വാസിയെ ജ്ഞാന ശൂന്യതയിൽ എത്തിക്കുന്നു. അത്തരം മനുഷ്യരെ പെട്ടെന്ന് വിശ്വാസത്തിൽ നിന്ന് പുറത്തേക്കെടുക്കാൻ കഴിയില്ല. അയാളൊരു വ്യക്തിയാണെങ്കിലും അയാളെ നിയന്ത്രിക്കുന്ന ബോധം സാമൂഹിക ജീവിതമല്ല. അതിനപ്പുറമുള്ള മറ്റൊരു അർത്ഥരഹിത ചിന്താമണ്ഡലത്തിലാണ് അയാളുടെ സർവ്വ വിചാരങ്ങളുടെയും ഉറവിടം. അവിടെ നിന്നാണ് വിശ്വാസത്തിന്റെ പേരിൽ അയാൾ ദൈവത്തോട് കൂടുതൽ കൂടുതൽ അടുത്തുനിൽക്കുന്നത്. വിശ്വാസത്തിലെ വിചാരശക്തിയുമായുള്ള അയാളുടെ ആശയവിനിമയത്തിൽ മൂന്നാമതൊരാൾ എത്തിപ്പെടുക എളുപ്പമല്ല. അയാൾ നിരന്തരം തന്നിലേക്ക് എത്തിച്ചേരേണ്ട ആളെ തിരയുകയാണ്. അങ്ങനെയാണ് ഷാഫിക്ക് ഭഗവൽ സിങ്ങിനെ കിട്ടുന്നത്. താൻ പണത്തിനു വേണ്ടി ചെയ്യുന്ന കാര്യത്തിലെ ദൈവസാന്നിധ്യം അയാളെ സംബന്ധിച്ച് തികച്ചും മിഥ്യയാണ്. അയാൾ വിശ്വാസത്തെ കൃത്യമായി ഉപയോഗിക്കുകയാണ്. എന്നാൽ അയാളിലേക്ക് (മന്ത്രവാദി, ജോത്സ്യർ, മുസ്ലിയാർ, പാസ്റ്റർ,

**ഇരട്ട നരബലിക്ക് നേതൃത്വം നൽകിയ ഷാഫിക്ക് പത്മ, റോസ്‌ലിൻ എന്നീ രണ്ട് സ്ത്രീകളെ കൊല്ലാൻ കഴിഞ്ഞത് അങ്ങനെയാണ്. അയാളിൽ അടിമുടി പ്രവർത്തിച്ചത് വിശ്വാസമാണോ എന്നൊരു ചോദ്യത്തിന് സാദ്ധ്യതയുണ്ട്. ആ ചോദ്യത്തെ നിലനിർത്തി അയാൾ ഇരയെ വീഴ്ത്തിയത് വിശ്വാസത്തിന്റെ, ആചാരത്തിന്റെ ചൂണ്ടയിലാണ് എന്നോർക്കണം. എത്ര പെട്ടെന്നാണ് കവിത എഴുതുന്ന, ഇടതുപക്ഷത്തെ പ്രതിനിധീകരിക്കുന്ന ഭഗവൽ സിങ്ങും ലൈലയും ആ ചൂണ്ടയിൽ കൊത്തിയത്.**

www.malankaralibrary.com



*ലൈല*



*ഷാഫി*



*ഭഗവൽസിംഗ്*



*റോസ്‌ലിൻ*



*പത്മ*

ആൾദൈവം) എത്തിച്ചേരുന്നവർക്ക് വിശ്വാസത്തിൽ മാത്രമാണ് പ്രതീക്ഷ. അതുകൊണ്ടാണ് പണം നൽകുന്നത്. പിന്നീട് തന്റേതുപോലെ ശരീരവും മനസ്സും സ്വപ്നവുമുള്ള മറ്റൊരാളെ ജീവനോടെ പിടിച്ച് കെട്ടി ജനനേന്ദ്രിയത്തിൽ കത്തികയറ്റി രക്തം ശേഖരിക്കാൻ തയ്യാറാകുമ്പോൾ കിട്ടുന്ന ആത്മധൈര്യത്തിന്റെ പേരാണ് വിശ്വാസം. അത് ഒരു തരത്തിലും അന്ധവിശ്വാസമല്ല. ഇത്തരം വേഴ്ചകൾ സാമൂഹ്യവ്യവഹാരങ്ങളിലേക്ക് വിന്യസിപ്പിക്കുമ്പോഴാണ് നമ്മുടെ സാംസ്കാരിക മണ്ഡലങ്ങളിലെ ശൂന്യതകൾ ഞെട്ടിപ്പിക്കുന്നത്.

## സംസ്കാരം - രാഷ്ട്രീയം - അധികാരം

പുരോഗമന കേരളം രാഷ്ട്രീയ സ്വഭാവത്തിലേക്ക് വന്നതോടെ അധികാരം അതിനെ നിയന്ത്രിക്കുന്ന പ്രധാന ഘടകമായി. ഒപ്പം സാമുദായികത വളരാനും അത് രാഷ്ട്രീയ വ്യവഹാരത്തിൽ ഇടപെടാനും തുടങ്ങി. ഇത് കേരളത്തെ മാത്രം ബാധിച്ച വിഷയമല്ല. ഇന്ത്യൻ സാഹചര്യത്തിലും മതത്തിന്റെ സ്വാധീനം രാഷ്ട്രീയത്തിൽ കൃത്യമായ ഇടപെടൽ നടത്തിയിട്ടുണ്ട്. തുടക്കത്തിൽ ഇതിനെ ശാസ്ത്രബോധം കൊണ്ട് പ്രതിരോധിച്ച് ഇന്ത്യയെ ഇന്നു കാണുന്ന സാങ്കേതിക പുരോഗതിയിലേക്ക് എത്തിച്ചത് പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവാണ്. മതം, രാഷ്ട്രീയം, യുക്തി എന്നിവയെക്കുറിച്ച് കൃത്യമായ ബോധ്യമുള്ള മറ്റൊരു ഭരണാധികാരി ഇന്ത്യയിൽ പിന്നീട് ഉണ്ടായിട്ടില്ല. ഇന്ന് മതവുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും രാഷ്ട്രീയത്തിന്റെ ഇടപെടൽ കാണാം. ഇത് നേരത്തെ തിരിച്ചറിഞ്ഞ ജവർലാൽ നെഹ്റു നടത്തിയ പ്രസ്താവനയുണ്ട്. "മതങ്ങൾ മനുഷ്യ മനസ്സിനെ ചങ്ങലയ്ക്കിടുന്നു. എന്നത് മാത്രമല്ല രാഷ്ട്രീയമായും സാമ്പത്തികവുമായുള്ള ചൂഷണത്തിന് അവസരം ഒരുക്കുകയും ചെയ്യുന്നു." ഈയൊരു സാഹചര്യത്തിലേക്ക് സമൂഹം മാറുമ്പോൾ അതിനെ പ്രതിരോധിക്കേണ്ടത് രാഷ്ട്രീയത്തെക്കാൾ സാംസ്കാരിക ഉത്തരവാദിത്വമാണ്.

ഇന്ന് കേരളത്തിൽ കാണുന്ന പല പ്രവണതകളുടെയും അടിസ്ഥാന കാരണങ്ങൾ പരിശോധിക്കുമ്പോൾ അതിൽ ഭരണകൂടങ്ങളുടെ ഇടപെടൽ കാണാം. പല രീതിയിലുള്ള പുരോഗമനപരമായ തീരുമാനങ്ങൾ സർക്കാർ എടുക്കുമ്പോഴും അതിനെ പ്രതിരോധിക്കാൻ ശക്തിയുള്ള സാമുദായിക സംഘടനകൾ കേരളത്തിൽ വളർന്നു കഴിഞ്ഞു. പുരോഗമന സമൂഹത്തിന്റെ വളർച്ചയെ ഇത് പ്രതിസന്ധിയിലാക്കുന്നു. ഭരണകൂടങ്ങൾ ആകട്ടെ അത്തരം സമ്മർദ്ദങ്ങൾക്ക് കീഴടങ്ങുന്നു. കാരണം, അധികാരം നിലനിർത്താൻ സാമുദായിക സംഘടനകളുടെ സഹായം ആവശ്യമാണ്. ഈയൊരു സാഹചര്യത്തിലാണ് വിശ്വാസവുമായി ബന്ധപ്പെട്ട രാഷ്ട്രീയ ഇടപെടലിന്റെ പരിമിതിയെ തിരിച്ചറിയേണ്ടത്. അതേ സമയം മതസംബന്ധമായ വിഷയങ്ങളിലെ സാംസ്കാരിക ഇടപെടൽ യുക്തിപൂർവ്വം ആകുമ്പോൾ അത് അന്ധവിശ്വാസങ്ങൾക്ക് എതിരാകും. അതിനെയെങ്കിലും ഭരണകൂടം അംഗീകരിക്കേണ്ടതുണ്ട്. ഇപ്പോൾ കേരളത്തിൽ വീണ്ടും ചർച്ചയായിട്ടുള്ള അന്ധവിശ്വാസ വിരുദ്ധ ബില്ല് 2006-ൽ വി എസ് അച്യുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് രൂപം കൊടുത്തതാണ്. എന്നാൽ അതിനെ ബില്ലായി അവതരിപ്പിച്ച് നിയമത്തിന്റെ ചട്ടക്കൂട്ടിലേക്ക് കൊണ്ടുവരാൻ ഇതുവരെ കഴിഞ്ഞില്ല. 2014 രമേശ് ചെന്നിത്തല ആഭ്യന്തരമന്ത്രിയായ സമയത്തും ഇത്തരത്തിൽ ഒരു നീക്കം നടത്തി. അപ്പോഴും സാധ്യമായില്ല. അതിനൊക്കെ കാരണം മതവുമായ ബന്ധപ്പെട്ട വിഷയത്തിൽ രാഷ്ട്രീയ പാർട്ടികൾക്ക് നീതിയുക്തമായ തീരുമാനം എടുക്കാൻ കഴിയാത്തതാണ്. അങ്ങനെ എടുത്താൽ സാമുദായിക പ്രസ്ഥാനങ്ങളിലെ വോട്ട് നഷ്ടമാകും. ഈ സാഹചര്യം നിലനിൽക്കെ ഇലന്തൂരിലെ സംഭവവുമായി ബന്ധപ്പെട്ട് വീണ്ടും പ്രസ്തുത ബില്ലിനെക്കുറിച്ചുള്ള ചർച്ചകൾ സജീവമാണ്. അപ്പോഴും മത ആചാരങ്ങളുമായി ബന്ധപ്പെട്ട ഒരു കാര്യങ്ങളും ബില്ലിൽ ഉണ്ടാവരുത് എന്നത് ഭരണകൂടത്തിന്റെ താൽപര്യമാണ്. അനാചാരങ്ങൾക്കെതിരെ കൃത്യമായ നിയമസംവിധാനത്തിലേക്ക് രാഷ്ട്രീയ അധികാരവർഗ്ഗത്തിന് പ്രവേശിക്കാൻ കഴിയില്ല എന്ന നഗ്ന സത്യത്തെ പൊതുസമൂഹം തിരിച്ചറിയേണ്ടതാണ്. അത്രമാത്രം മതാഭിമുഖ്യ സംവിധാനത്തിലേക്ക് രാഷ്ട്രീയ പാർട്ടികൾ എത്തിക്കഴിഞ്ഞു. ഇനിയുള്ള സാധ്യത സാംസ്കാരികമായി പ്രതിരോധം മാത്രമാണ്.

സാംസ്കാരിക പക്ഷത്തിനുള്ള എതിർപ്പ് ഏതെങ്കിലും മതത്തോടുള്ള വിരോധമായി മാറാനുള്ള സാധ്യത കുറവാണ്. എന്നാൽ ഒരേ സമയം ഇത്തരം സാംസ്കാരിക ഇടപെടലുകളിൽ സജീവമാവുകയും ആൾദൈവങ്ങളുടെ മുമ്പിൽ കുമ്പിടുകയും ചെയ്യുന്ന സാംസ്കാരിക നായകന്മാരുടെ നീണ്ട നിര ഇന്ന് നിലവില്ല

www.malankaralibrary.com

ണ്ട്. അതിനാൽ ഇത്തരത്തിലുള്ള ഏതൊരു ഇടപെടലിനെയും കൃത്യമായി വേർതിരിച്ച് എടുക്കുക എളുപ്പമായ കാര്യമില്ല. പിന്നെയുള്ള വഴി ഏറ്റവും പുതിയ തലമുറയിലേക്ക് മതം മുന്നോട്ടുവെക്കുന്ന യുക്തിരഹിതമായ കാര്യങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക എന്നതാണ്. വിശ്വാസത്തെ പൂർണമായി തള്ളിപ്പറഞ്ഞ് ഇനിയുള്ള കാലത്ത് സമൂഹത്തിന് മുന്നോട്ടുപോകാനും കഴിയില്ല. കാരണം, ഒരു വ്യക്തിയുടെ ജീവിതത്തിലെ വിവിധ ഘട്ടങ്ങളിൽ അയാൾക്ക് അവശ്യം സ്വീകരിക്കേണ്ടി വരുന്ന എല്ലാ സാമൂഹ്യ ഇടങ്ങളിലും മതവുമായി ബന്ധപ്പെട്ട നിബന്ധനകൾ നിലനിൽക്കുന്നുണ്ട്. അതിനെ പൂർണ്ണമായി നിരാകരിക്കാൻ കഴിയാത്ത വിധം മതച്ചങ്ങലയെ ഭേദിക്കുക എളുപ്പമല്ല. എന്നാൽ എന്താണ് മതം എന്ന് തിരിച്ചറിഞ്ഞ് സാഹചര്യങ്ങൾക്ക് അനുസരിച്ച് ബുദ്ധിയും വിവേകവും കൈമുതലുള്ള ഒരു തലമുറയ്ക്കേ മനുഷ്യനെ കൊന്നാൽ മറ്റൊരു മനുഷ്യന് സ്വസ്ഥമായി ജീവിക്കാനും സമ്പത്ത് കരസ്ഥമാക്കാനും കഴിയുമെന്ന ഭ്രാന്തൻ സ്വപ്നങ്ങളെ ഉപേക്ഷിക്കാൻ കഴിയൂ. അതുകൊണ്ട് നമ്മുടെ നഴ്സറി ക്ലാസ് മുതൽ സാമൂഹിക യുക്തിയിലൂടെ കുട്ടികളെ വളർത്താനുള്ള പാഠ്യപദ്ധതികൾക്ക് സർക്കാർ രൂപം നൽകണം. മതം തികച്ചും വ്യക്തിപരമായ ആവശ്യങ്ങളിലേക്ക് ഒതുങ്ങണം. അതിനെ സമൂഹമദ്ധ്യത്തിലേക്ക് കൊണ്ടുവന്ന് മതത്തിലൂടെ മാത്രമേ ജീവിക്കാൻ കഴിയൂ എന്നുള്ള ഏതൊരു പ്രഖ്യാപനത്തെയും പ്രതിരോധിക്കണം. വിവേകവും ജ്ഞാനശക്തിയുമുള്ള തലമുറയിൽ മാത്രമേ ഇനി പ്രതീക്ഷയുള്ളൂ. അതിന് കേരളം പാകപ്പെടുമോ എന്നതാണ് ചോദ്യം.

## മാധ്യമങ്ങളും ആചാര വിശ്വാസ കച്ചവടവും

വോൾട്ടയർ പറഞ്ഞ ഒരു വാക്കുണ്ട് "അഥവാ ദൈവം ഇല്ലെങ്കിൽ തന്നെ അദ്ദേഹത്തെ സൃഷ്ടിച്ചെടുക്കേണ്ടിയിരിക്കുന്നു." ഈയൊരു അവസ്ഥയിലേക്ക് സമൂഹം എത്തി നിൽക്കുകയാണ്. എല്ലായിടത്തും ദൈവത്തെ വെച്ചുള്ള കച്ചവടമാണ്. മാധ്യമങ്ങളും ഇതിന്റെ ഭാഗം തന്നെ. ആൾ ദൈവങ്ങൾക്ക് ദിവ്യത്വം നൽകുന്ന പത്രം ദുർമന്ത്രവാദിയെ തുറന്നു കാട്ടും. എഡിറ്റോറിയൽ പേജിൽ നിറയെ ആൾ ദൈവത്തിന്റെ ദിവ്യശക്തിയെ വാഴ്ത്തും. അത്തരം "ദൈവ മനുഷ്യരെ" കാണാൻ വരുന്ന സമൂഹത്തിലെ ഉന്നതരായവരെക്കുറിച്ച് നാല് കോളം വാർത്ത നൽകും.

അതേ സമയം ഇലന്തൂർ പോലുള്ള സംഭവം വരുമ്പോൾ നോൺ സ്റ്റോപ്പ് വാർത്ത നൽകി സമൂഹത്തിന്റെ ശ്രദ്ധ



ഇ.എം.എസ്.



രാജ്മോഹൻ ഉണ്ണിത്താൻ



ദേവസ്യാ മുല്ലക്കര

ക്ഷണിക്കും. ഈ സമയത്തും പത്രങ്ങളിൽ അതീന്ദ്രിയ ജ്യോതിഷം, ധനാകർഷണത്തെക്കുറിച്ച്, അറബി ജ്യോതിഷത്തെക്കുറിച്ച് പരസ്യം നൽകും. ഇതാണ് കേരളത്തിലെ അച്ചടി മാധ്യമങ്ങളും ദൃശ്യമാധ്യമങ്ങളും ഏറെക്കുറെ ചെയ്യുന്നത്. പല കാരണത്താലും ദുർബല മനസ്സിന്റെ ഉടമകളായ മനുഷ്യർ ഇത്തരം പരസ്യത്തിലേക്ക് ആകർഷിക്കപ്പെടും. അവർ കടം വാങ്ങി പൂജയും വഴിപാട് നടത്തും. ശ്വാസം നിലച്ച് ശരീരത്തോട് എഴുന്നേറ്റ് വരാൻ കൂട്ടമായി പ്രാർത്ഥിക്കും. അതിനെക്കുറിച്ച് ചാനലിൽ ആത്മീയ പ്രഭാഷണം നടത്തും. ഇനിയെങ്കിലും ഇത്തരം കച്ചവടത്തെ വേരോടെ അറുത്തു മാറ്റാൻ നിയമ സംവിധാനങ്ങൾക്ക് കഴിയണം. മാധ്യമങ്ങളിൽ ഇത്തരം പരസ്യം കൊടുക്കാൻ നിയമം അനുവദിക്കരുത്.

## അതിവേഗം പിന്നോട്ട് ഓടുന്ന കേരളം

മലയാളി ലോകത്ത് എവിടെയും അംഗീകരിക്കപ്പെടുന്നത് കേരളത്തിന്റെ ഭൗതികാവസ്ഥയെയും അതുണ്ടാക്കിയെടുത്ത ജീവിത ശീലങ്ങളുടെയും ഭാഗമായിട്ടാണ്. എന്നാൽ കേരളത്തിന്റെ ആഭ്യന്തര സമൂഹങ്ങളിൽ ഇപ്പോൾ പ്രകടമായിക്കൊണ്ടിരിക്കുന്ന പല പ്രവണതകളും നവോത്ഥാനത്തെ അതിവേഗം പിന്നോട്ട് വലിക്കുകയാണ്. അത് ചത്ത മുതലയെ ദൈവമായി കണ്ടതുകൊണ്ടോ, അതിന് സ്മാരകം പണിയുന്നതുകൊണ്ടോ അല്ല. രണ്ടു മനുഷ്യ ജീവൻ നൽകി നരബലി നടത്തിയതുകൊണ്ടുമല്ല. മറിച്ച്, കഴിഞ്ഞ കുറെ വർഷങ്ങളായി കേരളത്തിൽ കണ്ടു വരുന്ന ചില പ്രവണതകൾ പുരോഗമന സമൂഹത്തിന് ഒട്ടും ഭൂഷണമല്ല. ഇത്തരം കാര്യങ്ങൾക്ക് പലപ്പോഴും ഭരണകൂടം മൗനസമ്മതം നൽകുന്നു.

പൊതുജീവിതത്തിന്റെ മൂല്യബോധത്തെ പാകപ്പെടുത്തുന്നതിന് സമൂഹത്തിലെ ജീവിത സൗകര്യങ്ങൾക്കും സാഹചര്യങ്ങൾക്കും നിർണായക പങ്കുണ്ട്. ഇന്ന് കേരളത്തിന്റെ ഏറ്റവും വലിയ വരുമാന മാർഗ്ഗമായ ബിവറേജ് കോർപ്പറേഷൻ വഴി നൽകുന്ന മദ്യങ്ങൾ വഴിതെറ്റിപ്പോകുന്ന ഒരു സമൂഹത്തിന് നൽകുന്ന വേഗത ചെറുതല്ല. സർക്കാർ തന്നെ മദ്യം വിളമ്പി അതുണ്ടാക്കുന്ന ദുരന്തങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തുന്ന പരിഹാസ്യത കേരളത്തിന് സ്വന്തമാണ്. ഇതിനൊപ്പം മയക്കമരുന്നിന്റെ ലഭ്യതയും ഉപയോഗവും ഞെട്ടിക്കുന്നതാണ്. മയക്കമരുന്ന് എങ്ങനെ വരുന്നു, അതിന്റെ വിപണനം എങ്ങനെ നടക്കുന്നു, ഇതിനു പിന്നിലെ ശക്തികൾ ആരൊക്കെയാണ്.? എന്നതൊന്നും സർക്കാരിനെ സംബന്ധിച്ച് പ്രധാനപ്പെട്ട വിഷയമല്ല. ഇതിലൊക്കെ സമൂഹത്തിലെ രാഷ്ട്രീയ, ബ്യൂറോക്രാറ്റിക് ഇടപെടലുകളുടെ സഹായം പകൽപോലെ സത്യമാണ്. ഇങ്ങനെ എല്ലാത്തരത്തിലും വിമലീകരിക്കപ്പെടുന്ന സമൂഹത്തിൽ ആചാരങ്ങളുടെ പേരിൽ അനാചാരങ്ങൾ എന്ന് മതാധ്യക്ഷന്മാർ പറയുന്ന, രാഷ്ട്രീയക്കാർ പറയുന്ന നരബലികൾ സാധ്യമാകും. സ്വാഭാവികമായും ഇത് വരും തലമുറയെ അരക്ഷിത ജീവിത പക്ഷത്തേക്കാണ് വളർത്തിയെടുക്കുക.

നിരവധി പോരാട്ടങ്ങളിലൂടെ നേടിയെടുത്ത നവോത്ഥാന മൂല്യങ്ങളുടെ നെഞ്ചത്താണ് ചത്ത മുതലയും നരബലിയിലെ ചോരയും സായൂജ്യമണിയുന്നത്. ദൈവത്തിന്റെ സ്വന്തം നാട്ടിൽ (?) സാംസ്കാരിക മൂല്യച്യുതിയുടെ വിളവെടുപ്പ് കാലമാണിത്. ഇതിനെ അന്ധവിശ്വാസ വിരുദ്ധ ബില്ല് കൊണ്ടോ ബോധവൽക്കരണം കൊണ്ടോ അവസാനിപ്പിക്കുക എളുപ്പമായ കാര്യമല്ല. ഓരോ വ്യക്തിയും തന്റെ ജീവിതശീലത്തിലും നടപ്പിലും ഇരിപ്പിലും ആചാരങ്ങളെയും വിശ്വാസങ്ങളെയും എങ്ങനെയൊക്കെ ഉപയോഗിക്കുന്നു എന്ന് സ്വയം തിരിച്ചറിയണം. ആ തിരിച്ചറിവിൽ നിന്നുള്ള യാഥാർത്ഥ്യത്തെ ഇളംതലമുറയിൽ എത്തിക്കാനുള്ള ശ്രമം ഉണ്ടായാലേ കേരളത്തിന്റെ പിന്നോട്ടേയ്ക്കുള്ള ഓട്ടത്തെ പിടിച്ചുകെട്ടാൻ കഴിയൂ.

■